# മലങ്കരസഭയിൽ അധിനിവേശത്തിന്റെ പ്രതിഫലനങ്ങളും ശാശ്വത സമാധാനവും.

ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത

## മുഖവുര

മലങ്കരസഭയിൽ ശാശ്വത സമാധാനം ഉണ്ടാവണമെന്ന് ആഗ്രഹിക്കാത്തവർ ആരുമില്ല. മാർത്തോമ്മാശ്ലീഹായുടെ മക്കളായ മലങ്കര നസ്രാണികൾ ഇന്ന് വിവിധ വിദേശക്രിസ്തീയ സഭകളുടെ മേൽക്കോയ്മ സ്വീകരിച്ചു നിലനിൽക്കുന്നത് വേദപുസ്തക സഭാ ശാസ്ത്രത്തിന് നിരക്കുന്നതല്ല. വി. പൗലോസോ മറ്റ് ശ്ലീഹന്മാരോ അവരുടെ ശിഷ്യന്മാരോ സുവിശേഷഘോഷണത്താൽ ആരംഭിച്ച ഒരു പ്രാദേശിക സഭയും മറ്റൊരു പ്രാദേശിക സഭയുടെ ഭരണത്തിൻ കീഴിലായിരുന്നില്ല. കൊരിന്തിലെയോ എഫേസൂസിലേയോ റോമിലെയോ അന്ത്യോക്യായിലെയോ ഭാരതത്തിലേയോ സഭകൾ പരസ്പരം ഭരണപരമായി ഒന്ന് മറ്റൊന്നിന്മേൽ ആധിപത്യം പുലർത്തിയിരുന്നില്ല. അഞ്ചാം നൂറ്റാണ്ടിൽ ഉടലെടുത്ത ഒരു ക്രൈസ്തവേതര പ്രതിഭാസമാണ് ഒരു പ്രാദേശിക സഭ മറ്റൊരു പ്രാദേശിക സഭമേൽ ആധിപത്യം അടിച്ചേൽപ്പിക്കാനുള്ള ശ്രമം. കൽക്കിദോൻ സുന്നഹദോസിനു മുമ്പ് (എ.ഡി. 451) എവുത്തിക്കൂസിന്റെ വേദവിപരീതം ഉടലെടുത്തപ്പോൾ അതിനെക്കുറിച്ച് സഭയുടെ സാർവ്വത്രിക സുന്നഹദോസ് (Eccumenical) കൂടേണ്ടതില്ലെന്നും റോമൻ പോപ്പ് ലെയോ ഒന്നാമൻ ഇറക്കിയ ചാക്രിക ലേഖനം (Encyclical letter) (A.D. 448)എല്ലാവരും അംഗീകരിച്ചു നടന്നാൽ മതിയെന്നുമുള്ള അദ്ദേഹത്തിന്റെ നിർദ്ദേശമാണ് അധിനിവേശ സഭാ ശാസ്ത്രത്തിന്റെ (Colonical Ecclesiology) തുടക്കം കുറിച്ചത്. റോമൻ കത്തോലിക്കാ സഭയും തുടർന്ന് റോമാ സാമ്രാജ്യത്തിൽ ഉടലെടുത്ത അന്ത്യോക്യൻ സഭയുൾപ്പെടെയുള്ള മറ്റു സഭകളും സാമ്രാജ്യത്വ രാഷ്ട്രീയത്തെ സാമ്രാജ്യത്വ സഭാ ശാസ്ത്രമായി പരാവർത്തനം ചെയ്തു. ഒരു സാമ്രാജ്യത്തിലെ ഭരണത്തിന്റെ നല്ല കാര്യങ്ങൾ മറ്റൊരു സാമ്രാജ്യത്തിന്റെ ഭരണകാര്യങ്ങളിൽ ഉൾപ്പെടുത്തുന്നത് പ്രയോജനകരമായേക്കാമെങ്കിലും ഭരണപരമായി കടന്നുകയറുന്നത് വ്യക്തിസ്വാതന്ത്ര്യത്തെയും സാംസ്കാരിക തനിമയേയും ഇല്ലായ്മ ചെയ്യാനുള്ള പ്രവണതയായതുകൊണ്ടാണല്ലോ സാമ്രാജ്യങ്ങൾ ക്രമേണ ലോകത്തിൽ നിന്നും അപ്രത്യക്ഷമായത്. എങ്കിലും ലോക ജനത അപ്പാടെ തൂത്തെറിഞ്ഞ സാമ്രാജ്യത്വ പ്രവണത ഇന്നും റോമൻ കത്തോലിക്ക സഭ അതിന്റെ റീത്ത് പ്രസ്ഥാനങ്ങളിൽക്കൂടിയും അന്ത്യോക്യൻ ഓർത്തഡോക്സ് സുറിയാനി സഭ മലങ്കര സഭയെ അവരുടെ ഒരു റീത്തു പ്രസ്ഥാനമായി കണക്കാക്കുന്നതുവഴിയും നടപ്പാക്കുവാൻ ശ്രമിക്കുന്നു.ഈ സാമ്രാജ്യത്വ സഭാ വേദശാസ്ത്രം നിലനിർത്തുവാൻ ആഗ്രഹിക്കുന്നത് സഭയുടെ അടിസ്ഥാന തത്വങ്ങൾക്ക് വിരുദ്ധമാണ്. ഈ വൈരുദ്ധ്യമാണ് മാർത്തോമാ ശ്ലീഹായുടെ മക്കളായ മലങ്കര നസ്രാണികളുടെ ഛിന്നഭിന്നമായ ഇന്നത്തെ അവസ്ഥക്കു കാരണം.

## 1) പേർഷ്യൻ സുറിയാനി സഭയുമായുള്ള ബന്ധം

മാർത്തോമ്മാ ശ്ലീഹാ എ.ഡി. 52 ൽ സ്ഥാപിച്ച മലങ്കര സഭയുടെ സജീവ സാന്നിദ്ധ്യത്തെക്കുറിച്ച് 2–ാം നൂറ്റാണ്ടിൽ ഇൻഡ്യ സന്ദർശിച്ച പന്റീനസും (180 AD) (Pantaenus) ആ സന്ദർശനം രേഖപ്പെടുത്തിയ 4–ാം നൂറ്റാണ്ടിലെ സഭാ ചരിത്രകാരൻ കൈസറിയായിലെ യൗസേബിയോസും (Eusebeus of Caesaria(+A.D 340) മിലാനിലെ അംബ്രോസും (+AD 397) നാസിയാൻസിലെ വി. ഗ്രീഗോറിയോസും (+AD 390) ജറോമും(+A.D 420)വി.അപ്രേമും(+AD 373)സാക്ഷിക്കുന്നു.സാപ്പോർ ദ്വിതീയൻ ചക്രവർത്തിയുടെ പീഡനത്തെ തുടർന്ന് പേർഷ്യയിൽ നിന്ന് കേരളത്തിലേക്കുള്ള പേർഷ്യൻ ക്രിസ്ത്യാനികളുടെ കുടിയേറ്റം മുഖാന്തിരം(4–ാം നൂറ്റാണ്ടു മുതൽ 9–ാം നൂറ്റാണ്ടു വരെ) തദ്ദേശീയവും സ്വതസിദ്ധവുമായി ക്രിസ്തീയ ആരാധനാക്രമങ്ങളെ അനുവർത്തിച്ചു വന്ന മലങ്കര നസ്രാണികൾ പേർഷ്യ

യിലെ സുറിയാനി സഭയുടെ ആരാധന ക്രമങ്ങളെ ആശ്ലേഷിക്കുകയായിരുന്നു. ഇതിന്റെ ഫലമായി പേർഷ്യയിലെ സെലൂക്ക്യ–സ്റ്റേസിഫോൺ ആസ്ഥാനമായുള്ള പൗരസ്ത്യ സഭ (Church of the East) യുമായി മലങ്കര ക്രിസ്ത്യാനികൾ ഉറ്റ ബന്ധം പുലർത്തി വന്നു. അന്നുമുതൽ പേർഷ്യയിലെ പൗരസ്ത്യസഭ യുടെ പാത്രിയർക്കീസ് (Patriarch of the Church of the East) മാർത്തോമ്മായുടെ മക്കൾക്ക് വൈദികരെ വാഴിച്ചു കൊടുക്കുവാനും വിശുദ്ധ ഗ്രന്ഥങ്ങളും ആരാധനാക്രമങ്ങളും കാനോനാകളുമൊക്കെ നല്കു വാനും തുടങ്ങി. എ.ഡി. 650 ൽ പൗരസ്ത്യ സുറിയാനി സഭയുടെ പാത്രിയർക്കീസ് ഈശോയാഹബ് മൂന്നാമൻ (Ishoyahlo III) ആ സഭയുടെ ഭരണസീമയിൽ മലങ്കര മാർത്തോമ്മാ നസ്രാണികളെ ഉൾപ്പെടു ത്തിത്തുടങ്ങി. എട്ടാംനൂറ്റാണ്ടിൽ പൗരസ്ത്യ സുറിയാനി സഭയിലെ തിമോത്തി ഒന്നാമൻ പാത്രിയർക്കീസ് പേർഷ്യൻ സഭയുടെ ബാഹ്യഭരണ പ്രദേശമായി മലങ്കരസഭയെ(Ecclesiastical Province of India) കണ ക്കാക്കി ഭരണം തുടങ്ങി.ഈ ഭരണപ്രദേശത്തിന് മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിൽ ആരൂ ഢനായി, ഇൻഡ്യയിലെ മുഴുവൻ ക്രിസ്ത്യാനികളുടെയും മേൽനോട്ടക്കാരനായി, പേർഷ്യയിൽ നിന്ന് ഒരു എപ്പിസ്ക്കോപ്പായെ നിയമിക്കുകയും (Metropolitan-bishop of the seat of St. Thomas and the whole Christian Church of India) ചെയ്തു.മലങ്കരസഭയിലെ വൈദികരിൽ ഒരാളെ മെത്രാനാക്കി ഭരണം ഭരമേൽപ്പിക്കുവാൻ ശ്രദ്ധിച്ചില്ല. അധിനിവേശത്തിന്റെ ആദ്യ പ്രതിഫലനമായിരുന്നു ഇത്.കൊടുങ്ങല്ലൂരും മൈലാപ്പൂരും അദ്ദേഹത്തിന്റെ ആസ്ഥാനങ്ങളായിരുന്നതായും രേഖപ്പെടുത്തുന്നുണ്ട്. ഇദ്ദേഹത്തിന്റെ നിയന്ത്രണത്തിൽ മെത്രാപ്പോലീത്താമാരും തദ്ദേശീയക്രിസ്ത്യാനികളുടെ ഭരണത്തലവനായിരുന്ന അർക്ക ദിയാക്കോനും (ജാതിക്കു കർത്തവ്യൻ) ഭരണം നടത്തിയിരുന്നു. തിമോത്തി ഒന്നാമൻ (780–823) തന്നെ അർക്കദിയാക്കോനെ ഇൻഡ്യയിലെ വിശ്വാസികളുടെ തലവൻ എന്ന് വിളിച്ചിരുന്നു.

## 2) റോമൻ കത്തോലിക്ക അധിനിവേശം

പതിനാലാം നൂറ്റാണ്ടിൽ പൗരസ്ത്യ സുറിയാനി സഭ ഇസ്ലാംമതത്തിന്റെ പീഢനത്തിൽ അമർന്ന് പൗരോഹിത്യ ശ്രേണിയുടെ ദൗർബല്യം നേരിട്ടു. മലങ്കര സഭയുമായി അതിന്റെ ബന്ധം നഷ്ടപ്പെട്ടു. മലങ്കര നസ്രാണികളുടെ ഭരണത്തലവൻ അർക്കദിയാക്കോൻ മാത്രമായി. സുഗന്ധദ്രവ്യ ങ്ങളുടെ കച്ചവടക്കാരായി 1498 ൽ ഇൻഡ്യയിൽ വന്ന പോർട്ടുഗീസുകാർ ഇൻഡ്യയിൽ അർക്കദിയാ ക്കോന്റെ നേതൃത്വത്തിൽ സജീവമായി നിലനിൽക്കുന്ന മാർത്തോമ്മാ നസ്രാണികളെക്കണ്ടപ്പോൾ റോമൻ കത്തോലിക്കാ സഭയുടെ ഒരു കോളനിയാക്കി മലങ്കര സഭയെ മാറ്റുവാനുള്ള ശ്രമത്തിൽ കച്ചവടക്കണ്ണു അതിലേക്കും തിരിഞ്ഞു. പോർട്ടുഗീസു രാജാക്കന്മാർക്കു അവരുടെ നാവിക വാണിഭ പ്രദേശങ്ങളിൽ റോമൻ കത്തോലിക്കാ സഭയുടെ വികസനവും ഭരണവും നിയന്ത്രണവും നല്കിക്കൊണ്ട് റോമൻ കത്തോ ലിക്കാ പോപ്പ് ലിയോ പത്താമൻ A.D 1514 –ൽ സ്ഥിരീകരിച്ച പദ്രോവാഡോ (Padroado–പോർട്ടുഗീസ് രക്ഷാകർത്തൃത്വം) കരാർ വ്യവസ്ഥപ്രകാരം മലങ്കര നസ്രാണികളുടെ നിയന്ത്രണവും അവരുടെ തിരു സഭാ ഉത്തരവാദിത്തമായി ഏറ്റെടുത്തു. ആയതിനാൽ സമയം നഷ്ടമാക്കാതെ അവർ ഗോവ കേന്ദ്ര മാക്കി ഭദ്രാസനം സ്ഥാപിക്കുകയും മലങ്കര നസ്രാണികളുടെ സുറിയാനി ആരാധനാ പാരമ്പര്യം നിരോ ധിച്ച് ലത്തീൻ പാരമ്പര്യം അടിച്ചേൽപ്പിക്കുകയും ചെയ്തു. 1599 ൽ ഗോവൻ ആർച്ച് ബിഷപ്പ് മെനസ്സി സ്സിന്റെ അദ്ധ്യക്ഷതയിൽ കൂടിയ ഉദയംപേരൂർ സുന്നഹദോസ് ഇത് പ്രാവർത്തികമാക്കി. 1599 മുതൽ 1653 വരെ 54 വർഷം മലങ്കര നസ്രാണികൾ റോമൻ കത്തോലിക്ക സഭയുടെ ലത്തീൻ പാരമ്പര്യത്തിൽ ഭരിക്കപ്പെട്ടു.അധിനിവേശത്തിന്റെ രണ്ടാം പ്രതിഫലനം.

## 3) മലങ്കര നസ്രാണികളുടെ ആദ്യ പിളർപ്പ്

പോർട്ടുഗീസ് സഭാഭരണത്തിൽ അസംതൃപ്തരായ മലങ്കര നസ്രാണികൾ തോമ്മാ അർക്കദിയാ ക്കോന്റെ നേതൃത്വത്തിൽ 1653 ജനുവരി 3–ാം തീയതി കൊച്ചിയിലെ മട്ടാഞ്ചേരിയിൽ കൂടി റോമാ സഭ യ്ക്കും അതിന്റെ അനുവർത്തികളായ പോർട്ടുഗീസ് മെത്രാന്മാർക്കും ഈശോസഭാ മിഷനറിമാർക്കുമെ തിരായി കൂനൻ കുരിശു സത്യമെന്ന പ്രതിജ്ഞ എടുത്തു. പോർട്ടുഗീസുകാരുടെ വരവുവരെ റോമൻ

കത്തോലിക്കാ സഭയെക്കുറിച്ചു മലങ്കര നസ്രാണികൾ കേട്ടിരുന്നതേയില്ല. എന്നാൽ മലങ്കരയിൽ ഒരു മെത്രാൻ ഇല്ലാതിരുന്നതിനാലും മറ്റുമാർഗ്ഗങ്ങളെല്ലാം അടഞ്ഞ സാഹചര്യത്തിലും ആലങ്ങാട്ടു പള്ളിയിൽ വച്ച് ആർക്കദിയാക്കോൻ തോമ്മായെ 12 വൈദികർ കൈവയ്പ്പ് നടത്തി മെത്രാനായി വാഴിച്ചു. ആദ്യത്തെ സ്വദേശി മെത്രാൻ മാർത്തോമ്മ ഒന്നാമൻ എന്ന് അറിയപ്പെട്ടു. പോർട്ടുഗീസ് മിഷനറിമാരുടെ അനുരജ്ഞന ശ്രമം പരാജയപ്പെട്ട സാഹചര്യത്തിൽ റോമൻ പോപ്പ് അലക്സാണ്ടർ ഏഴാമൻ അയച്ച കർമ്മലീത്ത സിറിയൻ ബിഷപ്പ് ജോസഫ് സെബസ്ത്യാനി മലങ്കര നസ്രാണികളിൽ കുറെപ്പേരെ സ്വാധീനിച്ച് അവരുടെ മെത്രാനായി റോമാ സഭയോടുള്ള വിധേയത്വത്തിൽ പള്ളിവീട്ടിൽ ചാണ്ടി കത്തനാരെ 'Metroplitan and the Gate of all India' എന്ന പേരിൽ വാഴിച്ചു. ഇങ്ങനെ മലങ്കര നസ്രാണികളിൽ ആദ്യ പിളർപ്പുണ്ടായി. ലത്തീൻ പാരമ്പര്യത്തിൽ പിടിച്ചു നിന്ന് പഴയ ലത്തീൻകൂറുകാർ മലബാർ കത്തോലിക്കാ റീത്ത് എന്ന പേരിൽ മറ്റൊരു സഭാവിഭാഗമായി പ്രവർത്തനം തുടങ്ങി. ഇവർ പിന്നീട് ലത്തീൻ പാരമ്പര്യവും ഉപേക്ഷിച്ച് പൗരസ്ത്യ സുറിയാനി മലബാർ കത്തോലിക്കാ റീത്തായിത്തീർന്നു.

### 4) അന്ത്യോക്യ സുറിയാനി സഭാ ബന്ധം

എ.ഡി. 1663 ൽ പോർട്ടുഗീസുകാരുടെ കച്ചവടം ഡച്ചുകാരു തകർത്തു. 1665-ൽ ഡച്ചുകാരുടെ സഹായത്തോടെ അവരുടെ കപ്പലിൽ മലങ്കര നസ്രാണികളുടെ ആവശ്യപ്രകാരം അന്ത്യോക്യാ ഓർത്തഡോക്സ് സുറിയാനി സഭയുടെ പാത്രിയാർക്കീസിനാൽ അയയ്ക്കപ്പെട്ട് യേരുശലേമിലെ ഗ്രിഗോറിയോസ് അബ്ദുൾ ജലീൽ മെത്രാൻ എത്തിയതോടെ മലങ്കരസഭ അന്ത്യോക്യൻ ഓർത്തഡോക്സ് സുറിയാനി സഭയുമായി ഇദംപ്രഥമമായി ബന്ധപ്പെട്ടു. അദ്ദേഹം മാർത്തോമ്മാ ഒന്നാമന്റെ വാഴ്ച സ്ഥിരീകരിച്ചു. അദ്ദേഹം 1681 ൽ കാലം ചെയ്ത് വടക്കൻ പറവൂർ സെന്റ് തോമസ് പള്ളിയിൽ കബറടക്കപ്പെട്ടു. 1670 മുതൽ 1686 വരെ മലങ്കര നസ്രാണികളെ ഭരിച്ച മാർത്തോമ്മാ രണ്ടാമന്റെ കാലത്ത് 1685 ൽ യൽദോ മാർ ബസ്സേലിയോസ് മഫ്രിയാനയാൽ വാഴിക്കപ്പെട്ട മാർ ഈവാനിയോസ് ഹിദയത്തുള്ള മാർത്തോമ്മാ മൂന്നാമന്റെയും (1686-1688) മാർത്തോമ്മാ നാലാമന്റെയും (1688-1728) വാഴ്ചയിൽ പ്രധാനകാർമ്മികത്വം വഹിച്ചു. മാർത്തോമ്മാ അഞ്ചാമന്റെ കാലത്ത് (1728-1765) 1748 ൽ അന്ത്യോക്യയിൽ നിന്ന് ഒരു സുറിയാനി മെത്രാൻ മാർ ഈവാനിയോസ് മുളന്തുരുത്തിയിൽ വന്നു താമസിച്ച് ശെമ്മാശന്മാരെ സുറിയാനി പഠിപ്പിച്ചു. അദ്ദേഹത്തിന്റെ ഉപദേശങ്ങൾ തെറ്റാണെന്നു മനസ്സിലാക്കിയ മലങ്കര സഭ അദ്ദേഹത്തെ കേരളത്തിൽ നിന്നു 1751 ൽ പുറത്താക്കി. അദ്ദേഹം അന്ത്യോക്യക്കു പോകുന്ന വഴി തന്റെ ശിഷ്യരായിരുന്ന കാട്ടുമാങ്ങാട്ടു അബ്രഹാം, ഗീവർഗ്ഗീസ് എന്നീ ശെമ്മാശന്മാർക്കു വൈദിക പട്ടം കൊടുത്തു. അവർ പിന്നീട് മലബാർ സ്വാതന്ത്ര സുറിയാനി സഭയുടെ സ്ഥാപകരായി.

ഡച്ച് ഈസ്റ്റ് ഇൻഡ്യാ കമ്പനിയോട് മാർത്തോമ്മ അഞ്ചാമൻ ഒരു മെത്രാനെ ആവശ്യപ്പെട്ടതിനു പകരം അന്ത്യോക്യ പാത്രിയർക്കീസ് മാർ ഇഗ്നാത്തിയോസ് ഗീവർഗ്ഗീസ് തൃതീയൻ1751-ൽ മാർ ബസ്സേലിയോസ് ശക്രുള്ള, മാർ ഗ്രീഗോറിയോസ്, റമ്പാൻ യൂഹാനോൻ, ഗീവർഗ്ഗീസ് കോർ-എപ്പിസ്കോപ്പ കൂടാതെ അഞ്ചു വൈദികർ എന്നിവരെ അയച്ചു. ഇവർ പാശ്ചാത്യ സുറിയാനി ഓർത്തഡോക്സ് പാരമ്പര്യത്തിലുള്ള ആരാധനാക്രമം കൊണ്ടുവന്നു.1751 ൽ എത്തിയ ഈ ഒമ്പതുപേർക്ക് യാത്രക്കൂലിയായി 12,000 രൂപ കൊടുക്കുവാനില്ലാതെ മാർത്തോമ്മാ അഞ്ചാമൻ നിരണം പള്ളിക്കാർ ആ പണം പിരിച്ചെടുത്തുകൊടുക്കുന്നതുവരെ മൂന്നുമാസം ജയിൽവാസം അനുഭവിച്ചു. ജയിലിൽ നിന്നിറങ്ങിയ മാർത്തോമ്മ ഇവരെ കാണുവാൻ കൂട്ടാക്കിയില്ല. മാത്രമല്ല മാർ ദീവന്നാസ്യോസ് എന്ന സ്ഥാനനാമം സ്വീകരിച്ച് പുതുതായി കൈവയ്പു നേടണമെന്ന അവരുടെ ആവശ്യവും നിരസിച്ചു. അധിനിവേശശ്രമം നിരസിച്ച മാർത്തോമ്മ അവർ മലങ്കര സഭയിൽ പട്ടക്കാരെ വാഴിക്കയില്ലെന്നു 1754-ൽ അവരിൽ നിന്ന് ഉറപ്പും വാങ്ങി. ഇതിനെല്ലാം ഉപരിയായി 1761 ൽ അദ്ദേഹം വിദേശമെത്രാന്മാരെ പങ്കെടുപ്പിക്കാതെ തന്റെ പിൻഗാമിയായി മാർത്തോമ്മ ആറാമനെ വാഴിക്കുകയും ചെയ്തു.

ഇപ്രകാരം 1761-ൽ മലങ്കര സഭയിന്മേലുള്ള അന്ത്യോക്യൻ ഓർത്തഡോക്സ് സഭയുടെ അനധികൃത കൈകടത്തലിനെ മലങ്കരസഭ എതിർത്തു തോൽപ്പിച്ചു. 1765 ൽ കാലം ചെയ്ത മാർത്തോമ്മാ അഞ്ചാമന്റെ കബറടക്കം മാർത്തോമ്മാ ആറാമൻ തന്നെ നിർവ്വഹിച്ചു.

## 5) മാർത്തോമ്മാ ആറാമന്റെ സമാധാനശ്രമങ്ങൾ

1765 ൽ സ്ഥാനമേറ്റ മാർത്തോമ്മാ ആറാമൻ അന്ത്യോക്യ പാത്രിയർക്കീസുമായി സദുദ്ദേശ്യത്തോടെ രമ്യതയ്ക്കുവേണ്ടി ദീവന്നാസ്യോസ് എന്ന സ്ഥാനനാമം സ്വീകരിച്ചു പുതുതായി മെത്രാൻ പട്ടം അന്ത്യോക്യ മെത്രാൻ മാർ ഗ്രീഗോറിയോസിൽ നിന്നും സ്വീകരിച്ചു. പക്ഷെ മാർ ഗ്രീഗോറിയോസ് കാട്ടുമാങ്ങാട്ടു കൂറിലോസിനെ മെത്രാനായി വാഴിച്ചപ്പോൾ തിരിച്ചടിയേറ്റു. ഡച്ചുകാരു മുഖാന്തിരം കൂറിലോസിനെ കോളനി അതിർത്തിക്കു വെളിയിലാക്കി. തൊഴിയൂരിലെത്തിയ അദ്ദേഹം മലബാർ സ്വതന്ത്ര സുറിയാനി സഭ ഉണ്ടാക്കി. 1751 ൽ അന്ത്യോക്യൻ മെത്രാൻ മാർ ഈവാനിയോസ് ചെയ്ത അധിനിവേശതന്ത്രത്തിന് അതേ സ്ഥാനത്തു നിന്നുള്ള ഗ്രീഗോറിയോസ് 1771 ൽ മകുടം ചാർത്തി. മലങ്കരനസ്രാണികളിൽ രണ്ടാം പിളർപ്പ് ഉണ്ടായി.ആയതിനാൽ മാർത്തോമ്മ ആറാമൻ തന്റെ പിൻഗാമിയെ മാർത്തോമ്മ ഏഴാമൻ എന്ന പേരിൽത്തന്നെ 1796 ൽ വാഴിച്ചു.

## 6) അന്ത്യോക്യ പാത്രിയർക്കീസിന്റെ ആത്മിക മേലധികാരം മൂലം മൂന്നും നാലും പിളർപ്പുകൾ

മാർത്തോമ്മാ ഏഴാമൻ (1808-1809), മാർത്തോമ്മാ എട്ടാമൻ (1809-1816),മാർത്തോമ്മ ഒമ്പതാമൻ (1816-1817), പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് (1815-1816)(മാർത്തോമ്മാ പത്താമൻ) പുന്നത്ര മാർ ദീവന്നാസ്യോസ്(1817-1825) എന്നിവരുടെ കാലത്ത് പഴയ സെമിനാരി സ്ഥാപനവും അദ്ധ്യാപനവും സംബന്ധിച്ച് ബ്രിട്ടീഷ് മിഷനറിമാരുമായുള്ള സഭാവിശ്വാസ നവീകരണങ്ങൾക്കെതിരെ ചേപ്പാട്ട് മാർ ദീവന്നാസ്യോസ് നാലാമൻ (1825-1855) നിലപാടെടുത്തു. മലങ്കര സഭാ പ്രതിനിധികളുടെ മാവേലിക്കര അസ്സോസിയേഷനിൽ (1836) വച്ച് നവീകരണക്കാരിൽ നിന്ന് രക്ഷപെടുവാൻ വിശ്വാസപരമായ കാര്യങ്ങൾ അന്തിമമായി തീരുമാനിക്കേണ്ടത് അന്ത്യോക്യ പാത്രിയർക്കീസാണെന്ന് തീരുമാനിച്ചു. അപ്രകാരം മാവേലിക്കര അസ്സോസിയേഷനിൽക്കൂടി മലങ്കരസഭ അന്ത്യോക്യ പാത്രിയർക്കീസിന്റെ ആത്മീക മേലധികാരം ഔദ്യോഗികമായി അംഗീകരിച്ചു. അന്നുമുതൽ മലങ്കരസഭ "യാക്കോബായ സുറിയാനി സഭ" എന്ന് അറിയപ്പെടുവാനും തുടങ്ങി. [യാക്കോബായ എന്ന പേര് അന്ത്യോക്യൻ ഓർത്തഡോക്സ് സുറിയാനിസഭ തിരസ്കരിക്കുന്നു എന്ന് ഇപ്പോഴത്തെ അന്ത്യോക്യപാത്രിയർക്കീസ് അപ്രേം കരീം തന്റെ സഭാ ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.(syrianorthodoxchurch.org)] ഇതിന്റെ പരിണിതഫലമായി മലങ്കര നസ്രാണികളുടെ മൂന്നാം പിളർപ്പുണ്ടായി. കൊച്ചിൻ അവാർഡു മുഖാന്തിരം സഭയുടെ കുറെ സ്വത്തുക്കൾ ഭാഗിച്ചു വാങ്ങി സി.എം.എസ്. സഭ കേരളത്തിൽ ഉടലെടുത്തു. എന്നാൽ മലങ്കര മെത്രാപ്പോലീത്ത ചേപ്പാട്ട് മാർ ദീവന്നാസ്യോസിന്റെ അറിവോ സമ്മതമോ കൂടാതെ പാലക്കുന്നത്തു മാത്യൂസ് ശെമ്മാശനെ ഇഗ്നാത്തിയോസ് ഏലിയാസ് രണ്ടാമൻ (1838-1847) 1843 ൽ എപ്പിസ്കോപ്പാ ആയി വാഴിച്ചു മലങ്കരയിലേക്കയച്ചു. കൂടാതെ ആ പാത്രിയർക്കീസ് തന്നെ 1846 ൽ യുയാക്കീം മാർ കൂറിലോസ് എന്ന അന്ത്യോക്യയിലെ മെത്രാനെക്കൂടി മലങ്കരയിലേക്കയച്ചു. 1852 ൽ സ്ഥാനത്യാഗം ചെയ്ത മലങ്കര മെത്രാപ്പോലീത്ത ചേപ്പാട്ടു മാർ ദീവന്നാസ്യോസിനു ശേഷം പാത്രിയർക്കീസ് വാഴിച്ചയച്ച രണ്ടു മെത്രാന്മാർ തമ്മിൽ മലങ്കര മെത്രാപ്പോലീത്ത സ്ഥാനത്തിനും തദ്വാരാ വട്ടിപ്പണപ്പലിശയ്ക്കും ബ്രിട്ടീഷ് ഗവൺമെന്റിൽ വാദിച്ചു. നാട്ടുമെത്രാനെ കൊല്ലം പഞ്ചായത്ത് (1852) അംഗീകരിച്ചു. മാത്യൂസ് അത്താനാസ്യോസ് മലങ്കര മെത്രാപ്പോലീത്ത സ്ഥാനം ഉറപ്പിച്ചു. യൂയാക്കീം മാർ കൂറിലോസ് തള്ളപ്പെട്ടു. ഈ ഉർവ്വശീശാപം മലങ്കരസഭയ്ക്കു ഉപകാരമായ ചരിത്രം റോയൽ കോർട്ട് വിധിയിലൂടെ പിന്നീടു കാണാമെങ്കിലും മാത്യൂസ് അത്താനാസ്യോസിന്റെ ഭരണകാലം സമാപിച്ചതോടെ (1877) മലങ്കര സഭയിലെ നാലാം പിളർപ്പിലൂടെ മാർത്തോമ്മാ സഭ നിലവിൽ വന്നു.

## 7) മുളന്തുരുത്തി സുന്നഹദോസിന്റെ ഭീഷണികൾ

1865 ഏപ്രിൽ 30 ന് തുർക്കിയിലെ ആമീദിൽ വച്ച് അന്ത്യോക്യാ പാത്രിയർക്കീസ് ഇഗ്നാത്തിയോസ് യാക്കൂബ് ദ്വിതീയനിൽ നിന്ന് ദീവന്നാസ്യോസ് എന്ന പേരിൽ മെത്രാനായി വാഴിക്കപ്പെട്ടുവന്ന പുലിക്കോട്ടിൽ ദീവന്നാസ്യോസ് അഞ്ചാമൻ ആണ് മലങ്കര മെത്രാപ്പോലീത്ത ആയിരുന്ന നവീകരണക്കാരൻ പാലക്കുന്നത്ത് മാത്യൂസ് അത്താനാസ്യോസിനോടും അന്ത്യോക്യയിൽ നിന്നുള്ള യൂയാക്കിം മാർ കൂറിലോസിനോടും ഒരുപോലെ തന്റെ മലങ്കര മെത്രാപ്പോലീത്ത സ്ഥാനം ഉറപ്പിക്കുവാൻ യുദ്ധം ചെയ്തത്. 1873 ൽ പരുമലയിൽ ദീവന്നാസ്യോസ് അഞ്ചാമൻ വിളിച്ചുകൂട്ടിയ പള്ളി പ്രതിപുരുഷയോഗത്തിൽ മലങ്കര അസ്സോസിയേഷനും മാനേജിംഗ് കമ്മിറ്റിയ്ക്കും രൂപം കൊടുക്കുകയും സഭാ ഭരണത്തിന് വിശദമായ നിയമാവലി പാസ്സാക്കുകയും ചെയ്തു. ആ യോഗ നിശ്ചയപ്രകാരം മലങ്കര സഭ ക്ഷണിച്ചുവന്ന അന്ത്യോക്യ പാത്രിയർക്കീസ് പത്രോസ് മൂന്നാമൻ അദ്ധ്യക്ഷം വഹിച്ച മുളന്തുരുത്തി സുന്നഹദോസിൽ (1876) മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ പ്രസിഡന്റായി ദീവന്നാസ്യോസ് അഞ്ചാമനും മാനേജിംഗ് കമ്മറ്റിയിലേക്ക് 24 പേരും തെരഞ്ഞെടുക്കപ്പെട്ടു. എന്നാൽ മലങ്കര സഭയുടെ ലൗകിക ആത്മീകാധികാരങ്ങൾ പാത്രിയർക്കീസിനാണെന്ന രേഖ മലങ്കര മെത്രാപ്പോലീത്ത ഒരു രജിസ്റ്റേർഡ് ഉടമ്പടിയിലൂടെ സമർപ്പിക്കണമെന്ന പത്രോസ് മൂന്നാമൻ പാത്രിയർക്കീസിന്റെ ആവശ്യം പുലിക്കോട്ടിൽ ജോസഫ് ദീവന്നാസ്യോസ് അഞ്ചാമൻ നിരസിച്ചു. അതിന്റെ പ്രതികാരമായി പത്രോസ് മൂന്നാമൻ പാത്രിയർക്കീസ് മലങ്കരസഭയെ ഏഴു ഭദ്രാസനങ്ങളായി വിഭജിക്കുകയും ആറു മെത്രാന്മാരെ മറ്റാരോടും ആലോചിക്കാതെ വാഴിക്കുകയുമാണ് ചെയ്തത്. പക്ഷെ പാത്രിയർക്കീസിന്റെ ഈ അഹങ്കാര പ്രതികാരം അസ്തമിപ്പിക്കുവാൻ മലങ്കര മെത്രാപ്പോലീത്താ പുതുതായി വാഴിക്കപ്പെട്ട എല്ലാ മെത്രാന്മാരെയും കൂടെ നിർത്തി. 1877 ജനുവരി 27 മുതൽ വെളിയനാട് മാർ സ്തേഫാനോസ് സഹദാ പള്ളിയിൽ വച്ച് പത്രോസ് പാത്രിയർക്കീസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സുന്നഹദോസിൽ, മെത്രാന്മാരെ തെരഞ്ഞെടുക്കുവാൻ മലങ്കര പള്ളിയോഗത്തിന്റെ അവകാശം പാത്രിയർക്കീസ് ബാവ അംഗീകരിക്കാതിരുന്നതിനാൽ പ്രതിനിധികൾ യോഗം ബഹിഷ്ക്കരിച്ചു. 1878 ഫെബ്രുവരി 18 ന് പരുമലയിൽ മലങ്കര മെത്രാപ്പോലീത്ത ജോസഫ് മാർ ദീവന്നാസ്യോസിന്റെ അദ്ധ്യക്ഷതയിൽ മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ കൂടി പുതിയ മാനേജിംഗ് കമ്മിറ്റി രൂപീകരിച്ചുകൊണ്ട് സഭാ ഭിന്നതയുടെ പ്രതിസന്ധി ഒഴിവാക്കി. പത്രോസ് തൃതീയൻ പാത്രിയർക്കീസിന്റെ ആഗമനം മൂലം മലങ്കരസഭയിൽ ഉണ്ടായ കലുഷിതാന്തരീക്ഷം അങ്ങിനെ തരണം ചെയ്യപ്പെട്ടു.

1877 ൽ ആരംഭിച്ച സെമിനാരിക്കേസിന്റെ 1889 ൽ ഉണ്ടായ റോയൽ കോർട്ടുവിധിയോടെ അന്ത്യോക്യ പാത്രീയർക്കീസ് മലങ്കര സഭയുടെ മേൽ ലൗകീകാധികാരങ്ങൾ ആവശ്യപ്പെട്ടത് എന്നേക്കുമായി നിഷേധിക്കപ്പെട്ടു.

## 8) വട്ടശ്ശേരിൽ തിരുമേനിക്ക് പാത്രിയർക്കീസിന്റെ മുടക്ക്

1908 മെയ് 31–ാം തീയതി യേരുശലേമിൽ വച്ച് വട്ടശ്ശേരിൽ തിരുമേനിയെ മെത്രാപ്പോലീത്ത ആയി അബ്ദുള്ള രണ്ടാമൻ പാത്രിയർക്കീസ് ബാവ വാഴിച്ചു. അന്നത്തെ മലങ്കര മെത്രാപ്പോലീത്ത പുലിക്കോട്ടിൽ ദീവന്നാസ്യോസ് അഞ്ചാമൻ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ 1908 നവംബർ 26–ാം തീയതി പഴയ സെമിനാരിയിൽ കൂടിയ മലങ്കര അസ്സോസിയേഷൻ വട്ടശ്ശേരിൽ തിരുമേനിയെ അദ്ദേഹത്തിന്റെ പിൻഗാമിയായി തെരഞ്ഞെടുത്തു.1909 ജൂലൈ 12–ാം തീയതി കാലം ചെയ്ത പുലിക്കോട്ടിൽ തിരുമേനിയുടെ പിൻഗാമിയായി വട്ടശ്ശേരിൽ തിരുമേനി മലങ്കര മെത്രാപ്പോലീത്ത ആയി സ്ഥാനമേറ്റു. 1910 ൽ മലങ്കര സഭയുടെ സ്വത്തുക്കളുടെ മേലുള്ള അധികാരം എഴുതിക്കൊടുക്കുവാൻ മലങ്കര മെത്രാപ്പോലീത്ത വട്ടശ്ശേരിൽ തിരുമേനിയോട് അബ്ദുള്ളാ പാത്രിയർക്കീസ് ആവശ്യപ്പെട്ടു. അത് നിരസിച്ച മലങ്കര മെത്രാ

പ്പോലീത്തായെ 1911 ൽ പാത്രിയർക്കീസ് മുടക്കി. ക്നാനായ ഭദ്രാസനം വേർപിരിച്ചു രൂപപ്പെടുത്തി. മെത്രാൻ കക്ഷിയും ബാവാ കക്ഷിയും ഉടലെടുത്തു. മലങ്കരസഭയുടെ സമാധാനം നഷ്ടപ്പെടുത്തി. അതേത്തുടർന്ന് എം.ഡി. സെമിനാരി ചാപ്പലിൽ കൂടിയ സഭാ മാനേജിംഗ് കമ്മിറ്റി മുടക്കിനെ നിരസിച്ചു മലങ്കര മെത്രാപ്പോലീത്തായ്ക്കൊപ്പം നിന്നു. 1911 ആഗസ്റ്റ് 17-ാം തീയതി അബ്ദുൽ മശിഹാ പാത്രിയർക്കീസ് (സീനിയർ) അബ്ദുള്ളാ പാത്രിയർക്കീസിന്റെ മുടക്കു അസാധുവാണെന്നും അത് മലങ്കരസഭ മറന്നേക്കുവാനും മലങ്കര മെത്രാപ്പോലീത്ത വട്ടശ്ശേരിൽ തിരുമേനിയെ രേഖാമൂലം അറിയിച്ചു. അങ്ങനെ അന്ത്യോക്യയിലെ പാത്രിയർക്കീസൻമാരുടെ കലഹം മലങ്കര സഭയിലേക്കും വ്യാപിച്ചു.

**9)റോമൻ കത്തോലിക്കാ സഭയുടെ രണ്ടാം അധിനിവേശം**

പരിചയ സമ്പന്നനും മടിശ്ശീല നിറഞ്ഞിരുന്നവനുമായ പാശ്ചാത്യ വീശുവലക്കാരൻ അടങ്ങിയിരുന്നില്ല. വട്ടശ്ശേരിൽ ഗീവർഗ്ഗീസ് മൽപ്പാന്റെ വിശ്വസ്ത സഹചാരിയായിരുന്ന ഫാ. പി ടി.ഗീവർഗ്ഗീസ് മലങ്കര സഭയിലെ ആദ്യത്തെ എം.എ അച്ചൻ ആയിരുന്നു.വട്ടശ്ശേരിൽ മൽപ്പാന്റെ നിർബ്ബന്ധത്താൽ മലങ്കര മെത്രാപ്പോലീത്താ ദീവന്നാസ്യോസ് അഞ്ചാമൻ കെ സി മാമ്മൻ മാപ്പിളയെ മാറ്റി എം ഡി സ്കൂളിന്റെ പ്രിൻസിപ്പലായി ഫാ.പി.ടി.ഗീവർഗ്ഗീസിനെ നിയമിച്ചു. തുടർന്ന് വട്ടശ്ശേരിൽ തിരുമേനിയുടെ ശിപാർശപ്രകാരം 1912-ൽ ഫാ. പി ടി.ഗീവർഗ്ഗീസ് സെറാംപൂർ യൂണിവേഴ്സിറ്റി പ്രഫസറായി നിയമിക്കപ്പെട്ടു. സെറാംപൂരിൽ പഠിപ്പിച്ചിരുന്ന കാലത്ത് പരിചയപ്പെട്ട അഡ്വ.ഇ.ജെ ജോൺ ഇലഞ്ഞിക്കൽ ദാനമായി നൽകിയ 100 ഏക്കർ സ്ഥലത്ത് ഒരു സന്യാസ സ്ഥാപനം തുടങ്ങുന്നതിന് വേണ്ടി അദ്ദേഹം 1918-ൽ കൂട്ടുകാരൻ ഫാ. അലക്സിയോസിനോടോപ്പം റാന്നിയിൽ എത്തി 1919-ൽ ബഥനി ആശ്രമം സ്ഥാപിച്ചു.മാമ്മൻ മാപ്പിളയുടെ ശ്രമഫലമായി ഗവൺമെന്റിൽ നിന്ന് 300 ഏക്കർ സ്ഥലം കൂടി ലഭിച്ചു. ഫാ. അലക്സിയോസ് വിദേശരാജ്യങ്ങൾ സന്ദർശിച്ച് ലഭിച്ച സംഭാവനകളും മുതൽക്കൂട്ടായി. 1925-ൽ നിരണം അസോസ്യേഷൻ ഫാ. പി ടി ഗീവർഗ്ഗീസിനെ മെത്രാൻ സ്ഥാനത്തേക്ക് തിരഞ്ഞെടുത്തു. 1925-ൽത്തന്നെ ബസ്സേലിയോസ് ഗീവർഗ്ഗീസ് പ്രഥമൻ കാതോലിക്കാബാവാ അദ്ദേഹത്തെ ഈവാനിയോസ് എന്ന പേരിൽ എപ്പിസ്കോപ്പാ ആയി വാഴിച്ചു. കേരളത്തിലെ മലബാർ റീത്തുകാരുടെയും ലത്തീൻ റീത്തുകാരുടെയും ശക്തമായ പ്രേരണക്കും തന്ത്രങ്ങൾക്കും വഴങ്ങി 1926- മുതൽ റോമൻ കത്തോലിക്കാ സഭയിൽ ചേരണമെന്ന മാർ ഈവാനിയോസിന്റെ അഭിപ്രായം കല്ലാശ്ശേരിൽ തിരുമേനി,വട്ടശ്ശേരിൽ തിരുമേനി,ഫാ. മാത്യൂസ് പാറേട്ട് എന്നിവർ കൂട്ടായി നിരസിച്ചു. കൂനൻ കുരിശു സത്യത്തിനെതിരെ ഇനിയും തിരിയുകയില്ലെന്ന് ഉറപ്പിച്ചു പറഞ്ഞു. തുടർന്ന് മാർ ഈവാനിയോസ് അന്തോക്യൻ ഓർത്തഡോക്സ് സുറിയാനി സഭയിൽനിന്നും കത്തോലിക്കാ സഭയിൽ ചേർന്ന ഇഗ്നാത്തിയോസ് അപ്രേം-IIറഹമാനി പാത്രിയർക്കീസിന്റെ(1898 -1929)പ്രേരണയോടും അദ്ദേഹത്തിൽ നിന്ന് ലഭിച്ച പുസ്തകങ്ങളുടെ സഹായത്തോടും കൂടി ശ്രമം തുടർന്നു. ഈ സാഹചര്യത്തിൽ 3-ാം കാതോലിക്കാ സ്ഥാനത്തേക്ക് യോഗ്യനെന്ന് വട്ടശ്ശേരിൽ തിരുമേനി നേരത്തേ കരുതിയിരുന്ന മാർ ഈവാനിയോസിന് പകരം കല്ലാശ്ശേരിൽ തിരുമേനി ഗീവർഗ്ഗീസ് ദ്വിതീയൻ ബാവാ എന്ന പേരിൽ മൂന്നാം കാതോലിക്കയായി സ്ഥാനാരോഹണം ചെയ്യപ്പെട്ടു. തുടർന്ന് കല്ലാശ്ശേരിൽ ഗീവർഗ്ഗീസ് ദ്വിതീയൻ ബാവാ 1929 ൽ ഇദ്ദേഹത്തെ മെത്രാപ്പോലീത്താ ആയി ഉയർത്തി. അതോടൊപ്പം ബഥനിയിലെ ഫാ. യാക്കോബിനെ തെയോഫിലോസ് എന്ന പേരിലും ബഥനി ആശ്രമത്തിനുവേണ്ടി ബിഷപ്പായി വാഴിച്ചു. എന്നാൽ 1930 സെപ്റ്റമ്പർ 20-ാം തീയ്യതി ഇരുവരും മാതൃസഭയെ ത്യജിച്ച് റോമൻ വലയിൽ വീണ് ബഥനിയുടെ സ്വത്തുക്കളുടെ സിംഹഭാഗവും എടുത്തുകൊണ്ട് റോമൻ കത്തോലിക്കാ സഭയിൽ ചേർന്നു. മലങ്കര റീത്ത് പ്രസ്ഥാനത്തിന് തുടക്കം കുറിച്ചു. മലങ്കരയിലെ 5-ാം പിളർപ്പ് അങ്ങനെയുണ്ടായി.

**10) 1958 ലെ മലങ്കരസഭാ സമാധാനവും 1959 ലെ അതിന്റെ ലംഘനവും**

അബ്ദുൾ മശിഹാ പാത്രിയർക്കീസ് 15-9-1912 ൽ മലങ്കരസഭയുടെ സ്വതന്ത്ര കാതോലിക്കാ സ്ഥാപനം നിർവ്വഹിച്ചു. അദ്ദേഹം 17-9-1912 ൽ പുറപ്പെടുവിച്ച കല്പനയിൽ കാതോലിക്ക മാർത്തോമ്മാ

ശ്ലീഹായുടെ പൗരസ്ത്യ സിംഹാസനത്തിൽ ആരൂഢനായിരിക്കുന്നതാണെന്നും മെത്രാപ്പോലീത്താമാരെ വാഴിക്കുവാനും മൂറോൻ കൂദാശ ചെയ്യുന്നതിനും തുടങ്ങി സഭയ്ക്കാവശ്യമുള്ള എല്ലാ ആത്മീയാവശ്യങ്ങളും നിർവ്വഹിക്കുവാനുള്ള അധികാരം ഇനിമേൽ മലങ്കര സഭയുടെ കാതോലിക്കയായിരിക്കുമെന്നും പ്രഖ്യാപിച്ചു. 19–2–1913 ൽ അദ്ദേഹംതന്നെ പുറപ്പെടുവിച്ച കല്പനയിൽ കാതോലിക്കാ കാലം ചെയ്യുമ്പോൾ പുതിയ കാതോലിക്കായെ വാഴിക്കാനുള്ള അധികാരവും അവകാശവും മലങ്കര സഭയിലെ മെത്രാപ്പോലീത്താമാരിൽ നിക്ഷിപ്തമാണെന്നും രേഖപ്പെടുത്തി. ഇതിന്റെ അടിസ്ഥാനത്തിൽ അന്ത്യോക്യ പാത്രിയർക്കീസിന്റെ ആത്മീക അധികാരം മലങ്കരസഭയിൽ ശൂന്യബിന്ദുവിലാണെന്ന് 1958 ലെ സുപ്രീം കോടതി വിധി വ്യക്തമാക്കി. മാത്രമല്ല 1912 ലെ കാതോലിക്കാ സ്ഥാപനവും 1934 ലെ ഭരണഘടനയും സാധുവായിരിക്കുന്നുവെന്നും കോടതി കണ്ടെത്തി. (12–9–1958)

1933 മുതൽ 1946 വരെ മഞ്ഞിനിക്കരയിൽ താമസിച്ച അബ്ദുൽ അഹാദ് റമ്പാൻ 1946 ൽ അന്ത്യോക്യയിൽ മെത്രാനായും 1957 ൽ യാക്കോബ് തൃതീയൻ എന്ന പേരിൽ അന്ത്യോക്യ പാത്രിയർക്കീസായും സ്ഥാനമേറ്റു. സുപ്രീം കോടതി വിധി അറിഞ്ഞ യാക്കോബ് തൃതീയൻ പാത്രിയർക്കീസ് 30–11–1958 ൽ മലങ്കര സഭയിൽ സമാധാനം സ്ഥാപിക്കുവാനുള്ള ആഗ്രഹം പ്രകടിപ്പിച്ച് ഗീവർഗ്ഗീസ് ദ്വിതീയൻ കാതോലിക്ക ബാവായ്ക്ക് സന്ദേശമയച്ചു. 1–12–1958 ൽ ഗീവർഗ്ഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ അതിനുള്ള സമ്മതം യാക്കൂബ് തൃതീയൻ ബാവായെ അറിയിച്ചു. 9–12–1958 ൽ പാത്രിയർക്കീസ് ബാവാ ഗീവർഗ്ഗീസ് ദ്വിതീയൻ ബാവായെ മലങ്കരസഭാ സമാധാനത്തിനുവേണ്ടി കാതോലിക്ക ആയി അംഗീകരിച്ചു. 16–12–58 ൽ ഗീവർഗ്ഗീസ് ദ്വിതീയൻ ബാവ യാക്കോബ് തൃതീയൻ ബാവായെ മലങ്കര സഭാ ഭരണഘടനയ്ക്കു വിധേയമായി അന്ത്യോക്യ പാത്രിയർക്കീസായും അംഗീകരിച്ചു. മൂന്നു മാസങ്ങൾക്കുശേഷം 8–4–1959 ൽ യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് ബാവാ നാല് ആരോപണങ്ങൾ ഉന്നയിച്ച് ഗീവർഗ്ഗീസ് ദ്വിതീയൻ ബാവായ്ക്കു കല്പന അയച്ചു. (1) ഭരണഘടന വ്യവസ്ഥകളേക്കുറിച്ച് അറിയില്ല. (2) വിശുദ്ധ എന്ന പദവി കാതോലിക്കായ്ക്ക് ഇല്ല. (3) തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിൽ ആരൂഢനായ എന്ന സ്ഥാനനാമം കാതോലിക്ക ഉപയോഗിയ്ക്കുവാൻ പാടില്ല (4) പാത്രിയർക്കീസിന്റെ അനുമതികൂടാതെ പാത്രിയർക്കീസ് ഭാഗത്തുണ്ടായിരുന്ന ഭദ്രാസനങ്ങളുടെ ഭരണം ഏറ്റെടുത്തത് തെറ്റാണ്.

8–6–59 ൽ കാതോലിക്ക ബാവ ഹുദായ കാനോൻ,അബ്ദേദുമശിഹാ പാത്രിയർക്കീസിന്റെ കല്പനകൾ, 1958 ലെ സുപ്രീംകോടതി വിധി, 1934–ലെ ഭരണഘടന ഇവ ഉദ്ധരിച്ചു ആരോപണങ്ങൾ നിഷേധിച്ചു മറുപടി നല്കി.

16–7–60 ൽ പാത്രിയർക്കീസ് ബാവാ വീണ്ടും നിഷേധകല്പന അയച്ചു. മൂന്നാം കാതോലിക്കായെ യാതൊരു സ്ഥാനാരോഹണവും കൂടാതെ നിരുപാധികം സ്വീകരിച്ചപ്പോൾ ഒന്നും രണ്ടും കാതോലിക്കാമാരുടെ സ്ഥാനവും കല്പനകളും മലങ്കരസഭ അദ്ദേഹത്തിനു നൽകിയ സ്ഥാനാരോഹണവും അംഗീകരിച്ചില്ലേ എന്ന ചോദ്യത്തിനു മറുപടി ഇല്ല. എന്തിന് സമാധാനം നശിപ്പിക്കുന്നുവെന്ന് ആർക്കും മനസ്സിലായില്ല.

1958 ഡിസംബർ 26–ാം തീയതി കൂടിയ പുത്തൻകാവു അസ്സോസിയേഷനിൽ വച്ച് 'ആ ചന്ദ്രതാരം' കാതോലിക്കായുടെ കൂടെ നിൽക്കുമെന്നു പ്രഖ്യാപിച്ച പൗലൂസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്ത 1961 –ൽ അന്ത്യോക്യൻ മൂവ്മെന്റ് ഉണ്ടാക്കിയത് എന്തിനെന്ന് ആർക്കും മനസ്സിലായില്ല. വീണ്ടും അശാന്തി!

## 11) 1964 ലെ കാതോലിക്ക സ്ഥാനാരോഹണവും തുടർന്ന് സമാധാന ഭജ്ഞനവും

മലങ്കര സഭാ സുന്നഹദോസിന്റെ ക്ഷണപ്രകാരം വീണ്ടും യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവ തന്നെ 22–5–1964 ൽ നാലാം കാതോലിക്കായായി ഔഗേൻ ബാവായുടെ സ്ഥാനാരോഹണത്തിനു പ്രധാന കാർമ്മികത്വം വഹിച്ചു. കാതോലിക്കയുടെയും പാത്രിയർക്കീസിന്റെയും ഭരണപ്രദേശങ്ങൾ വേർതിരിച്ചു രേഖപ്പെടുത്തി. ഗൾഫ് രാജ്യങ്ങളിൽ മലങ്കരസഭാംഗങ്ങളുടെ പള്ളികളിലേക്ക് കാതോ

ലിക്ക വൈദികരെ നിയമിക്കുന്ന നടപടി തുടരുവാൻ ഉഭയസമ്മതം ചെയ്തു.

1970 വരെ 6 വർഷക്കാലം മലങ്കര സഭയിൽ അസ്വസ്ഥതകളോടെ ഒരുവിധം സമാധാനം നിലനിന്നു. എന്നാൽ 1970 ൽ 203–ാം നമ്പർ കല്പനയിലൂടെ മാർത്തോമ്മാ ശ്ലീഹായ്ക്കു പട്ടത്വവും സിംഹാസനവുമില്ല എന്ന വേദവിപരീതവുമായി യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് തന്നെ വീണ്ടും മലങ്കരസഭയുടെ സമാധാനാന്തരീക്ഷം തകർത്തു. നാളിതുവരെ പിന്നീട് ആ സ്ഥാനത്ത് വന്ന രണ്ട് പാത്രിയർക്കീസന്മാരും അതു തിരുത്തിയതായി അറിവില്ല. വി. തോമ്മാശ്ലീഹായുടെ പേര് 4–ാം തുബ്ദേനിൽ ചേർക്കണമെന്ന സാക്കാപ്രഥമൻ പാത്രിയർക്കീസ് ബാവായുടെ കല്പനയുണ്ടെന്നു കേൾക്കുന്നു. സിംഹാസനമില്ലാത്ത പൗലൂസ് ശ്ലീഹായുടെയും കന്യക മറിയാമിന്റെയും യൂഹാനോൻ മാംദാനായുടെയും സ്തേഫാനോസ് സഹദായുടെയും കൂട്ടത്തിൽ തോമാശ്ലീഹയെയും ഉൾപ്പെടുത്തുന്നത് 203/70 കൽപ്പനയ്ക്ക് തിരുത്തലാവുകയില്ല.

## 12) ഡെലിഗേറ്റു നിയമനവും സമാധാന ഭഞ്ജനവും

അന്ത്യോക്യയിൽ നിന്നും പാത്രിയർക്കീസ് ഒരു ഡെലിഗേറ്റിനെ അയയ്ക്കുന്നുവെന്നറിഞ്ഞ് പ. പാത്രിയർക്കീസ് ബാവായോട് അങ്ങിനെ ഒരു മെത്രാനെ ഡെലിഗേറ്റായി അയയ്ക്കരുതെന്ന് അപേക്ഷിച്ചുകൊണ്ടും അത് മലങ്കരസഭയിൽ വീണ്ടും കലഹത്തിനു കാരണമാകുമെന്ന് മുന്നറിയിപ്പു നൽകിക്കൊണ്ടും ഔഗേൻ കാതോലിക്കബാവായും പാത്രിയർക്കീസ് വിഭാഗത്തിൽ നിന്നു വന്ന മെത്രാച്ചന്മാരുൾപ്പടെ 9 മെത്രാപ്പോലീത്തന്മാരും കൂടി 16–2–72 ൽ കല്പന അയച്ചു. ഇതിനെ നിരാകരിച്ചുകൊണ്ട് 1972 ൽ പാത്രിയർക്കീസ് അയച്ച അപ്രേം ആബൂദി മെത്രാച്ചൻ ഡെലിഗേറ്റായി എത്തി മഞ്ഞിനിക്കരയിൽ താമസിച്ച് ശെമ്മാശന്മാർക്കും അച്ചന്മാർക്കും പട്ടം കൊടുത്തു വീണ്ടും കലഹത്തിന്റെ വിത്തു വിതച്ചു. 7–8–1973 ൽ കാതോലിക്കാബാവാ വീണ്ടും ഇതിനെതിരായി പരാതിപ്പെട്ടു. അതിന്റെ പ്രതികാരമെന്നോണം 1–9–1973 ൽ പാത്രിയർക്കീസ് കടവിൽ പൗലോസ് റമ്പാനെ മെത്രാനായി വാഴിച്ച് മലങ്കരയിലേക്കയച്ചു. തുടർന്ന് 1974 ൽ മലങ്കര സഭയിലെ വൈദികനായിരുന്ന ചെറുവള്ളിൽ സി.എം. തോമസ് കത്തനാരെയും പെരുമ്പള്ളിൽ ഗീവർഗ്ഗീസ് കത്തനാരെയും മെത്രന്മാരായി വാഴിച്ച് മലങ്കരയിലേക്കയച്ചു. 1964 ലെ സമാധന ഉടമ്പടികൾ കാറ്റിൽ പറത്തിയ നടപടികളായിരുന്നു ഇവ. ഭരണാതിർത്തി നിർണ്ണയിച്ച ആൾ തന്നെ ഭരണാതിർത്തി ലംഘിച്ച പരമ്പര തുടർന്നു.

## 13) മലങ്കരസഭയിൽ ബദൽ കാതോലിക്കാ സ്ഥാപനം

30–1–1974 ൽ കാതോലിക്കായ്ക്കെതിരെ ആരോപണങ്ങൾ ഉന്നയിച്ച് യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് ഷോക്കോസ് നോട്ടീസ് അയച്ചുകൊണ്ട് വീണ്ടും മലങ്കരസഭയുമായി തുറന്ന യുദ്ധത്തിനു ആരംഭം കുറിച്ചു. 9–3–1974 ൽ ഔഗേൻ കാതോലിക്കബാവാ,മലങ്കരസഭയുടെ ഭരണാതിർത്തിയിൽ പാത്രിയർക്കീസിനില്ലാത്ത അധികാരങ്ങൾ പ്രയോഗിക്കുന്നത് 1964 ലെ ഉഭയസമ്മത ഉടമ്പടി ലംഘനവും മലങ്കര സഭാ ഭരണഘടന ലംഘനവും മലങ്കര സഭാംഗങ്ങൾ ഉൾക്കൊള്ളുന്ന 1958 ലെ കോടതി വിധി ലംഘനവുമാണെന്ന്,അന്ത്യോക്യ പാത്രിയർക്കീസിനെ തെര്യപ്പെടുത്തി. അതിനുള്ള പ്രതികാരമറുപടിയായി 10–1–75 ൽ പാത്രിയർക്കീസ് ഔഗേൻ കാതോലിക്കായെ സസ്പെന്റ് ചെയ്തു. 22–5–75 ൽ മലങ്കര എപ്പിസ്കോപ്പൽ സുന്നഹദോസുകൂടി മലങ്കരസഭയുടെ സ്വതന്ത്രസ്ഥാനത്തെയും കാതോലിക്കായെ സസ്പെന്റ് ചെയ്യുവാൻ പാത്രിയർക്കീസിന്റെ അധികാരമില്ലായ്മയെയും തെര്യപ്പെടുത്തി കല്പന അയച്ചു. അതിനു പ്രതികാരമായി 16–6–75 ൽ പാത്രിയർക്കീസ് 'ആകമാന സുന്നഹദോസ്' കൂടി കാതോലിക്കായെ മുടക്കി. ബദൽ കാതോലിക്ക ആയി മുമ്പ് അന്ത്യോക്യ മൂവ്മെന്റുമായി പോയ കണ്ടനാടിന്റെ മെത്രാപ്പോലീത്ത പൗലോസ് പീലക്സിനോസിനെ വാഴിച്ച് മലങ്കരയിലേക്കയച്ചു. അധിനിവേശത്തിന്റെ വൈകൃത പുനരാവിഷ്കരണം!

## 14) രണ്ടാം സമുദായക്കേസ് വിധിയും അനന്തര സമാധാന ലംഘനങ്ങളും

പാത്രിയർക്കീസ് അനധികൃതമായി വാഴിച്ച മെത്രാന്മാരും കാതോലിക്കായും വൈദികരും മലങ്കര സഭയുടെ 1064 പള്ളികളിൽ പ്രവേശിക്കരുതെന്നു കാതോലിക്കവിഭാഗം 1979 ൽ അന്യായം കോടതിയിൽ ബോധിപ്പിച്ചു. ഇതിന്റെ വിധിത്തീർപ്പ് 1995 ജൂൺ 20-ാം തീയതി സുപ്രീംകോടതിയിൽ നിന്നും ഉണ്ടായി. പ്രധാന നിശ്ചയങ്ങൾ

1) 1912 ലെ കാതോലിക്കാ സ്ഥാപനം സാധുതയുള്ളത്.

2) അന്ത്യോക്യ പാത്രിയർക്കീസിനു മലങ്കരസഭയിന്മേലുള്ള ആത്മീകാധികാരം ശൂന്യം.

3) പാത്രിയർക്കീസ് കാതോലിക്കായെ മുടക്കിയത് സാധുതയില്ലാത്തത്

4) 1934 ലെ ഭരണഘടന സാധുതയുള്ളത്.

5. 1934 ലെ ഭരണഘടനയനുസരിച്ച് മലങ്കരസഭയിലെ എല്ലാ പള്ളികളും ഭരിക്കപ്പെടണം.

6. മലങ്കരസഭയുടെ കാതോലിക്ക 'വിശുദ്ധ', 'തോമ്മാശ്ലീഹായുടെ സിംഹാസനം' എന്നീ വിശേഷണങ്ങളെല്ലാം ഉപയോഗിക്കാൻ അർഹൻ.

1995 മുതൽ 1997 വരെ കാതോലിക്കാ വിഭാഗത്തിൽ നിന്ന് ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെയും പാത്രിയർക്കീസ് വിഭാഗത്തിൽ നിന്ന് തോമ്മാ മാർ ദീവന്നാസ്യോസ് തിരുമേനിയുടെയും നേതൃത്വത്തിൽ സമാധാന ചർച്ചകൾക്കായി 8 മീറ്റിംഗുകൾ നടന്നു. സമാധാനം ഉണ്ടായില്ല. 1997 ൽ പാത്രിയർക്കീസു വിഭാഗത്തിൽ നിന്നിരുന്ന 4 മെത്രാന്മാർ മലങ്കരസഭയുടെ 1934 ലെ ഭരണഘടന സ്വീകരിച്ച് മാത്യുസ് ദ്വിതീയൻ കാതോലിക്കാ ബാവായ്ക്ക് വിധേയത്വം സമർപ്പിച്ചു. 1997 ൽ പാത്രിയർക്കീസ് വിഭാഗം കേരള ഹൈക്കോടതിയിൽ വിധി നടത്തിപ്പിനു അപേക്ഷ നല്കി. 1998 ൽ വീണ്ടും അന്ത്യോക്യൻ മൂവ്മെന്റ് പ്രത്യക്ഷപ്പെട്ടു. 28-11-2001 ൽ സുപ്രീം കോടതിയിൽ നിന്നും മലങ്കരമെത്രാപ്പോലീത്തായെയും പുതിയ മാനേജിംഗ് കമ്മിറ്റിയെയും തെരഞ്ഞെടുക്കുവാൻ റിട്ട. ജസ്റ്റിസ് മളിമഠിന്റെ നേതൃത്വത്തിൽ മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ കൂടുവാൻ ഇരുകക്ഷികളുടെയും ഉഭയ സമ്മതപ്രകാരം (കോടതിയിൽ ഇരുകൂട്ടരും പണമടച്ച് സമ്മതിച്ചതനുസരിച്ച്) തീരുമാനമായി. 20.03.2002- ൽ ജസ്റ്റിസ് മളിമഠിന്റെ മേൽനോട്ടത്തിൽ പരുമലയിൽ അസ്സോസിയേഷൻ കൂടിപുതിയ മാനേജിംഗ് കമ്മറ്റിയെയും മലങ്കര മെത്രാപ്പോലീത്തായെയും തെരഞ്ഞെടുത്തു.

അതേദിവസം തന്നെ പാത്രിയർക്കീസ് വിഭാഗം പരുമല അസ്സോസിയേഷൻ ബഹിഷ്കരിച്ച് പുത്തൻകുരിശിൽ തോമ്മാ മാർ ദീവന്നാസ്യോസിന്റെ അദ്ധ്യക്ഷതയിൽ യോഗം കൂടി ബദൽ സഭയായി 'മലങ്കര യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭ'യ്ക്കു രൂപം കൊടുക്കുകയും ഒരു ഭരണഘടന ഉണ്ടാക്കുകയും ചെയ്തു. 20-3-2002-ൽ പരുമലയിൽ കൂടിയ അസ്സോസിയേഷനും തെരഞ്ഞെടുപ്പുകളും സുപ്രീം കോടതി 12-7-2002 ൽ അംഗീകരിച്ചു ഉറപ്പിച്ചു. 15-7-2002 ൽ പാത്രിയർക്കീസ് വിഭാഗം 2002 ഭരണഘടന 5-7-2002 ന്റെ മുൻകാല പ്രാബല്യത്തോടെ ഗവൺമെന്റിൽ രജിസ്റ്റർ ചെയ്തു.

തുടർന്ന് 2002-ൽ തന്നെ അന്ത്യോക്യ പാത്രിയർക്കീസ് യാക്കോബായ വിഭാഗത്തിന്റെ കാതോലിക്കയായി തോമസ് മാർ ദീവന്നാസ്യോസിനെ വാഴിച്ചയച്ചു. തുടർന്ന് 2004, 2008 എന്നീ വർഷങ്ങളിൽ സാക്കാപ്രഥമൻ പാത്രിയർക്കീസും 2015 ൽ അദ്ദേഹത്തിന്റെ പിൻഗാമി ഇപ്പോഴത്തെ പാത്രിയർക്കീസ് അപ്രേം ദ്വിതീയൻ പാത്രിയർക്കീസും മലങ്കര സഭയുടെ അറിവോ സമ്മതമോ ക്ഷണമോ ഇല്ലാതെ മലങ്കരസഭയുടെ പള്ളികളിൽ അനധികൃതമായി പ്രവേശിക്കുകയും പട്ടം കൊടുക്കൽ, മൂറോൻ കൂദാശ, വി. കുർബ്ബാന തുടങ്ങിയവ നിർവ്വഹിച്ച് 1995- ലെ സുപ്രീംകോടതിയുടെ വിധി ലംഘിക്കുകയും ചെയ്തു.

# ഉപസംഹാരം

2017 ജൂലൈ 3–ാം തീയതി ഉണ്ടായ സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ മലങ്കര സഭയിൽ സമാധാനമുണ്ടാവേണ്ടത് ശാശ്വത സമാധാനമായിരിക്കണമെന്ന് എല്ലാവരും ആഗ്രഹിക്കുന്നു. മുൻ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ഏതു വ്യവസ്ഥകളുണ്ടായാലും അന്ത്യോക്യ പാത്രിയർക്കീസ് അവ ലംഘിക്കുകയില്ലെന്ന് മലങ്കരസഭയ്ക്ക് ഉറപ്പു നല്കുവാൻ ആർക്കു കഴിയും? 1995 ലെ സുപ്രീംകോടതി വിധി അനുസരിച്ച് ക്നാനായ ഭദ്രാസനം, സിംഹാസനപ്പള്ളികൾ, പൗരസ്ത്യ സുവിശേഷ സമാജം ഇവയെല്ലാം പാത്രിയർക്കീസിന്റെ ഭരണകേന്ദ്രങ്ങളായി നിൽക്കുന്നിടത്തോളം മലങ്കരസഭയിൽ സമാധാന ഭജ്ഞനം തുടർന്നും ഉണ്ടാവില്ലെന്ന് എന്താണ് ഉറപ്പ്? മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിക്കപ്പെട്ട് 17–ാം നൂറ്റാണ്ടു വരെ അന്ത്യോക്യൻ ഓർത്തഡോക്സ് സഭയുമായി യാതൊരു ബന്ധവുമില്ലാതിരുന്ന മലങ്കര സഭയുടെ മേൽ അധീശത്വം ആവശ്യപ്പെടുന്നത് ഏത് ന്യായം? ഏത് ക്രിസ്തീയ സഭാ ശാസ്ത്രം? മലങ്കരസഭയുടെ പള്ളികൾ എല്ലാം 1934ലെ സഭാഭരണഘടന അനുസരിച്ച് ഭരിക്കപ്പെടുവാനുള്ള സർവ്വസ്വതന്ത്രമായ അവകാശത്തിന്മേൽ കൈകടത്തുന്ന സമാധാന വ്യവസ്ഥകൾക്ക് നിലനിൽപ്പുണ്ടാവുമോ?. ഇനിയും പാത്രിയർക്കീസിന്റെയും പാത്രിയർക്കീസനുകൂലികളുടേയും സമാധാന ഭജ്ഞനത്തിനുവേണ്ടി മലങ്കരസഭ വീണ്ടും കോടതി കയറി ഇറങ്ങുവാൻ സാധ്യത നിലനിർത്തിക്കൊണ്ടുള്ള താൽക്കാലികസമാധാനം മലങ്കര സഭയ്ക്ക് ആവശ്യമുണ്ടോ?